**കേരള സർക്കാർ**

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

**<u>സർക്കുലർ നമ്പർ 39/2019/ധന തിയതി 30/04/2019</u>**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ച വരുന്ന വ്യക്തിക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ക്ഷേമനിധി ബോർഡുകളിൽ അംഗമായിട്ടുള്ളവരും ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കാൻ അർഹതയുള്ളവരുമായ വ്യക്തിക്ക് ബോർഡ് പെൻഷൻ അനുവദിക്കുന്നതിലേക്ക് സേവനയിൽ നിലവിൽ ഡേറ്റാ എൻട്രി നടത്താൻ സാധിക്കുന്നില്ല എന്നും ഇത് ക്ഷേമനിധി ബോർഡ് പെൻഷൻ അർഹതയുണ്ടാകുന്ന അവസരത്തിൽ ക്ഷേമനിധി പെൻഷൻ ലഭിക്കാതെ വരുന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും, ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ ലഭിക്കാതെ വരുന്നത് നിയമ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നും , ഇത്തരക്കാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കാവുന്നതാണെങ്കിൽ അത്തരത്തിലും അല്ലാത്തപക്ഷം ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ മാത്രം ലഭിക്കുന്ന തരത്തിൽ സേവന സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണമെന്നുമുള്ള നിർദ്ദേശങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിവരുന്ന ഒരു ഗുണഭോക്താവിന് ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കാൻ അർഹതയുണ്ടാകുന്ന പക്ഷം ബോർഡ് പെൻഷൻ അനുവദിക്കുന്നതിലേക്ക് സേവനയിൽ ഡേറ്റാ എൻട്രി നടത്താൻ അനുവദിക്കുന്നു. ഡേറ്റാ എൻട്രിയെ തുടർന്ന് പ്രസ്തുത വ്യക്തിക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിക്കുന്നതാണ്.
2. സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും ഇരട്ടിയാക്കി ഉയർത്തിയ സാഹചര്യത്തിൽ പുതിയ അപേക്ഷകനായ ഒരാൾക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷനോ ക്ഷേമനിധി ബോർഡ് പെൻഷനോ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.
3. ഒരാൾക്ക് ഒരു പെൻഷനു മാത്രമേ അർഹതയുള്ളൂ എന്നതിനാൽ ഇത്തരത്തിൽ ബോർഡ് പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ ഗുണഭോക്താവ് നിലവിൽ വാങ്ങിവരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ സേവനയിൽ ആ സമയം തന്നെ സസ്പെന്റ് ചെയ്യപ്പെടുന്നതാണ്.

4. ഇത് സംബന്ധിച്ച അറിയിപ്പ് സേവന മുഖാന്തിരം തന്നെ സാമൂഹ്യ സുരക്ഷ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിന് നൽകേണ്ടതുമാണ് .
5. സേവന സോഫ്റ്റ് വെയറിൽ ഇതിലേക്കാവാശ്യമായ ക്രമീകരണങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ വരുത്തേണ്ടതാണ്.

**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് ( ഇ നം 837030)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ